"ഭരണഭാഷ – മാതൃഭാഷ"

**(കേരള സംസ്ഥാനം)**

**വ്യാവസായിക പരിശീലന വകുപ്പ്**

**ട്രെയിനിംഗ് ഡയറക്ടറുടെ കാര്യാലയം**

**നാല് & അഞ്ചാം നില, തൊഴിൽ ഭവൻ,**

**വികാസ് ഭവൻ. പി. ഒ. തിരുവനന്തപുരം- 695033.**

ഫോൺ:0471 -2303856, ഇ.മെയിൽ :cru.dttvpm@kerala.gov.in

നമ്പർ: **DT/1148/2026-B1** തീയതി: **28-02-202**

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്- അക്കൗണ്ട്സ് വിഭാഗം- ഐ.ടി.ഐ.കളിലെ **കോഷൻ മണി, സെക്യൂരിറ്റി ഡെപ്പോസിറ്റ്** തുകകൾ ട്രെയിനികൾക്ക് യഥാസമയം വിതരണം നടത്താത്തത്- സംബന്ധിച്ച്

**********

വകുപ്പിനു കീഴിലെ ചില ഐ ടി ഐ കളിൽ **കോഷൻ മണി, സെക്യൂരിറ്റി ഡെപ്പോസിറ്റ്** എന്നിവ റീക്കൺസിലിയേഷൻ നടത്തി കാലാവധി കഴിഞ്ഞ തുകകൾ സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടയ്ക്കാ ത്തതായും കാലാവധി കഴിയാത്ത തുകകൾ ട്രെയിനികൾക്ക് വിതരണം ചെയ്യാത്തതായും എ.ജി നടത്തിയ ഓഡിറ്റിൽ പരാമർശിച്ചിരിക്കുന്ന വിവരം ഇതിനകം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ താങ്കളുടെ സ്ഥാപനത്തിലെ **2020** അഡ്മിഷൻ വരെയുള്ള കോഷൻ മണി, സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകകൾ പെൻഡിംഗ് ഉണ്ടെങ്കിൽ ബന്ധപ്പെട്ട ട്രെയിനികൾക്ക് വിതരണം ചെയ്യേണ്ടതും, അല്ലാത്ത തുകകൾ സർക്കാർ അക്കൗണ്ടിലേക്ക് ഒടുക്കി ടി വിവരം **15.03.2026ന് മുൻപ്** ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള **പ്രൊഫോർമ-എ-**യിൽ രേഖപ്പെടുത്തി അറിയി ക്കേണ്ടതുമാണ്.

**2020** അഡ്മിഷൻ മുതൽ **2024** വരെയുള്ള അഡ്മിഷൻ തുകകൾ ട്രെയിനികളിൽ നിന്നും പൂർണ്ണമായും ലഭിക്കുകയും ടി തുകകൾ പി.ഡി അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട് എന്നുള്ള ഒരു സാക്ഷ്യപത്രം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന **ഫോർമാറ്റ് -ബി -യിൽ** പ്രിൻസിപ്പാൾമാർ ലഭ്യമാക്കേണ്ടതാണ്.

**2025** അഡ്മിഷനിലെ ട്രെയിനികളുടെ കോഷൻ ഡെപ്പോസിറ്റ്, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ പ്രകാരം ലഭിച്ച തുകകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള **പ്രൊഫോർമ-സി**-യിൽ രേഖപ്പെടുത്തി അറിയിക്കേ ണ്ടതുമാണ്.

കൂടാതെ കോഷൻ മണി, സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ ശരിയായി രീതിയിൽ പരിപാലിക്കുന്നുണ്ടെന്നും അതാത് വർഷത്തെ തുകകൾ ടി രജിസ്റ്ററിൽ രേഖപ്പെടുത്തി അപാകതകളില്ലാതെ സൂക്ഷിക്കുന്നുണ്ട് എന്നും പ്രിൻസിപ്പാൾ ഉറപ്പ് വരുത്തേണ്ടതുമാണ് എന്ന വിവരം കൂടി ഇതിനാൽ അറിയിക്കുന്നു.

മേൽപ്പറഞ്ഞ വിവരങ്ങൾ **15.03.2026ന് മുൻപ്** നൽകേണ്ടതാണ്. അപൂർണവും,

യഥാസമയം മറുപടി നൽകാത്തതുമായ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണ്.

Digitally signed by
Sufiyan Ahmed
Date: 28-02-2026
18:12:10

DIRECTOR OF TRAINING

**സ്വീകർത്താവ്:**

**എല്ലാ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്കും**

പകർപ്പ്:- ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റ് ആഡിറ്റ് സെക്ഷൻ - തുടർ നടപടികൾക്കായി

<u>പ്രൊഫോർമ -എ</u>

| ക്രമ നം | വർഷം | ആകെ ട്രെയിനികളുടെ എണ്ണം | ഏക വർഷ ട്രെയിനികളുടെ എണ്ണം | ദ്വിവർഷ ട്രെയിനികളുടെ എണ്ണം | കോഷൻ മണി, സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ ലഭിച്ച ആകെ തുക | ടി ഇനത്തിൽ പിഡി അക്കൗണ്ടിൽ നിക്ഷേപിച്ച തുക | പരിശീലനം കഴിഞ്ഞ് ട്രെയിനികൾക്ക് വിതരണം ചെയ്ത തുക | നീക്കിയിരുപ്പ് തുക | അഭിപ്രായം |
|---|---|---|---|---|---|---|---|---|---|
| **1** | **2020** | | | | | | | | |

<u>പ്രൊഫോർമ -സി</u>

| ക്രമ നം | വർഷം | ആകെ ട്രെയിനികളുടെ എണ്ണം | ഏകവത്സര ട്രെയിനികളുടെ എണ്ണം | ദ്വിവത്സരയിനികളുടെ എണ്ണം | ടി ഇനത്തിൽ പി.ഡി അക്കൗണ്ടിൽ നിക്ഷേപിച്ച തുക | അഭിപ്രായം |
|---|---|---|---|---|---|---|
| **1** | **2025** | | | | | |

**ഫോർമാറ്റ് -ബി -**

സാക്ഷ്യപത്രത്തിന്റെ മാതൃക ചുവടെ ചേർക്കുന്നു.

**സാക്ഷ്യപത്രം**

**ഐ.ടി.ഐ.യുടെ പേര്**

**ജില്ല:**

ട്രെയിനിംഗ് ഡയറക്ടറുടെ 28.01.2026 ലെ **DT/1148/2026-B1** നമ്പർ ചുറ്ററിയിപ്പ് പ്രകാരം ഈ സ്ഥാപനത്തിലെ **2020 അഡ്മിഷൻ മുതൽ 2024 വരെ അഡ്മിഷൻ ആയ ഒരു വർഷ ട്രെയിനി /രണ്ടു വർഷ ട്രെയിനികളിൽ** നിന്നും ലഭിച്ച -------- തുക പൂർണ്ണമായും പി.ഡി അക്കൗണ്ടിൽ യഥാസമയം നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട് എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

- ഒരു വർഷ ട്രെയിനികളുടെ ആകെ എണ്ണം **(2020 മുതൽ 2024 വരെ)**
- രണ്ടു വർഷ ട്രെയിനികളുടെആകെ എണ്ണം **(2020 മുതൽ 2024 വരെ)**

സ്ഥാപന മേധാവി

[illegible]